LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 16, വ്യാഴം

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2006 ഫെബ്രുവരി മാസം 16-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... ചോദ്യം നമ്പർ 132

കെ. എസ്. ഐ. ഡി. സി. മുഖേനയുള്ള വ്യവസായങ്ങൾ

1 [*132] ശ്രീ. വി. കെ. സി. മമ്മത്കോയ :

,, സാജു പോൾ :

,, പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ :

(എ) കെ. എസ്. ഐ. ഡി. സി. വഴി സംസ്ഥാനത്ത് പുതുതായി നടപ്പാക്കാൻ വിഭാവനം ചെയ്ത വൻകിട വ്യവസായ പദ്ധതികൾ എന്തൊക്കെയായിരുന്നു ; അവയുടെ ലക്ഷ്യവും നേട്ടവും സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെ പോയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) വിദേശ സഹായത്തോടെ 7000 കോടി രൂപ മുതൽ മുടക്കി കാസർഗോഡ് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച പെട്രോ കെമിക്കൽ വ്യവസായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

GPM. 2/153/2013—2

(ഡി) സർക്കാർ പ്രഖ്യാപിച്ച ഗ്യാസ് പൈപ്പ് ലൈൻ പദ്ധതിയും പെട്രോളിയം പൈപ്പ് ലൈൻ പദ്ധതിയും ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഇ) സർക്കാർ പ്രഖ്യാപിച്ച വൻകിട വ്യവസായ പദ്ധതി നടപ്പിലാക്കുകവഴി പുതുതായി എത്ര പേർക്ക് സ്ഥിരം തൊഴിൽ നൽകുവാൻ സാധ്യമായിട്ടുണ്ട് ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ,

(എ) കെ. എസ്. ഐ. ഡി. സി. വഴി സംസ്ഥാനത്ത് പുതുതായി നടപ്പാക്കാൻ വിഭാവനം ചെയ്തതിൽ, കെ.എസ്.ഐ.ഡി.സി. ബോർഡ് നിക്ഷേപ തീരുമാനമെടുത്ത വൻകിട വ്യവസായ പദ്ധതികൾ (10 കോടി രൂപയിൽ കൂടുതൽ നിക്ഷേപമുള്ളവ) 22 എണ്ണമാണ്. അവയുടെ വിശദാംശങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. †

കൂടാതെ കേന്ദ്ര സഹായത്തോടെ 16 ബൃഹത് പദ്ധതികൾ കെ.എസ്.ഐ.ഡി.സി. മുൻകൈ എടുത്ത് നടപ്പിലാക്കാൻ ശ്രമിച്ചു വരുന്നു. അവയുടെ വിശദാംശങ്ങൾ അനുബന്ധം-2-ൽ ചേർത്തിരിക്കുന്നു. †

കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ വ്യവസായ പ്രോത്സാഹനത്തിനും വ്യവസായ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനും വേണ്ടി ദീർഘവീക്ഷണത്തോടുകൂടിയുള്ള പല പദ്ധതികൾക്കും രൂപം നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വൻകിട പദ്ധതികൾക്കു വേണ്ടിയുള്ള എല്ലാ സൗകര്യങ്ങളും നൽകി വരുന്നു. അവയുടെ തുടർനടപടികൾ ആവശ്യാനുസരണം കൈക്കൊള്ളുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏകദേശം 370 കോടി രൂപ നിക്ഷേപമുള്ള 81 പദ്ധതികൾ പൂർത്തിയാക്കിയതുവഴി ഏകദേശം 5370 പേർക്ക് തൊഴിൽ ലഭിക്കുകയുണ്ടായി. 2005 ഡിസംബർ 31-ലെ കണക്കനുസരിച്ച് 639 കോടി രൂപ മുതൽമുടക്ക് വരുന്നതും 3081 പേർക്ക് പ്രത്യക്ഷത്തിൽ തൊഴിൽ നൽകാവുന്നതുമായ 38 പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരുന്നുണ്ട്.

(ബി) 1850 കോടി രൂപ മുതൽമുടക്കുള്ള കായംകുളം എൻ.എം.ഡി.സി.-യുടെ മിനറൽ പ്രോസസിംഗ് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(സി) ഇല്ല. എന്നാൽ വിദേശ സഹായത്തോടെ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ കഴിയില്ലെന്നു വന്നപ്പോൾ കെ.എസ്.ഐ.ഡി.സി. കേന്ദ്രപൊതുമേഖലാ സ്ഥാപനമായ 'ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ' സമീപിക്കുകയും അവരുടെ പഠനങ്ങളുടെ വെളിച്ചത്തിൽ പെട്രോ കെമിക്കൽ കോംപ്ലക്സ് കൊച്ചിയിൽ സ്ഥാപിക്കാൻ തീരുമാനിച്ചിരിക്കുകയുമാണ്.

കാസർഗോഡ് ജില്ലയിലെ ലഭ്യമായ സ്ഥലത്ത് പെട്രോ കെമിക്കൽസ് അനുബന്ധ വ്യവസായങ്ങളുടെ ഒരു പ്രത്യേക സാമ്പത്തിക മേഖല സ്ഥാപിക്കാൻ ആലോചിച്ചുവരുന്നു.

---

† അനുബന്ധം 1 & 1(എ)

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കൊച്ചിയിൽ നിന്നുള്ള ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി പൊതുമേഖലാ സ്ഥാപനമായ 'ഗെയ്ൽ' നടപ്പാക്കിവരികയാണ്. കൊച്ചി-കോയമ്പത്തൂർ-കാമൂർ പെട്രോളിയം പൈപ്പ് ലൈൻ പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ പെട്രോനെറ്റ് പൂർത്തിയാക്കിക്കഴിഞ്ഞു.

(ഇ) കെ.എസ്.ഐ.ഡി.സി.-യുടെ സഹായത്തോടെ നടപ്പിലാക്കിയ 6 വൻകിട പദ്ധതികളിലൂടെ ആകെ 2100 പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, നാലര വർഷം കൊണ്ട് 50,000 കോടി രൂപയുടെ നിക്ഷേപം എന്നൊക്കെ പറഞ്ഞ് വൻകിട വ്യവസായങ്ങൾ പലതും വന്നിട്ടുണ്ട്. ആറ് യൂണിറ്റുകളിലുംകൂടി 172 കോടി രൂപയുടെ നിക്ഷേപം മാത്രമാണുണ്ടായത്. എൽ.ഡി.എഫ്. ഭരണത്തിൽ ബി.എസ്.ഇ.എസ്. പോലുള്ള പദ്ധതിക്ക് തന്നെ 500 കോടി രൂപയും 700 കോടി രൂപയും നിക്ഷേപമുണ്ടായിരുന്നു. ഇതെല്ലാം കാണിക്കുന്നത് വൻകിട പദ്ധതികൾക്ക് ഊന്നൽ നൽകാനോ അതിനു കഴിയുന്ന തരത്തിൽ കെ.എസ്.ഐ.ഡി.സി.-യെ ഉടച്ച് വാർക്കുന്നതിനോ യു.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടില്ല എന്നുള്ളതല്ലേ? വാചകമടി അവസാനിപ്പിച്ച് ചെയ്യാൻ കഴിയുന്ന പദ്ധതികൾ പറഞ്ഞ് അത് ചെയ്യാനുള്ള ഒരു പരിശ്രമം ഗവൺമെന്റ് നടത്തുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, (എ) മുതൽ (ഇ) വരെയുള്ള ചോദ്യങ്ങൾക്ക് ഞാൻ ഇവിടെ മറുപടി പറഞ്ഞിരുന്നു. ബഹുമാനപ്പെട്ട വി. കെ. സി. മമ്മത്കോയ അവസാനത്തെ (ഇ)-യുടെ മറുപടി മാത്രം വായിച്ച് വ്യാഖ്യാനിച്ചത് ശരിയായില്ല. അതിന്റെ പിന്നിലായി ഇൻവെസ്റ്റ്മെന്റ് കരാർ വ്യക്തമായി പറഞ്ഞിരിക്കുന്നു. ആദ്യത്തെ കരാറും അതിന്റെ ഫലമായി വരുന്ന 370 കോടി രൂപ നിക്ഷേപമുള്ള 61 പദ്ധതികൾ പൂർത്തിയാക്കി. അങ്ങനെ 5370 പേർക്ക് തൊഴിൽ ലഭിച്ചു. 2005 ഡിസംബർ മാസം 31-ാം തീയതി വരെയുള്ള കണക്ക് അനുസരിച്ച് 639 കോടി രൂപ മുതൽമുടക്കി, 3081 പേർക്ക് ജോലി ലഭിച്ചു. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഒരു പ്രശ്നമുണ്ട്. ഇവിടെ വൻകിട വ്യവസായങ്ങൾ ഇൻവെസ്റ്റ്മെന്റ് കുറയ്ക്കുന്നു. അതൊരു യാഥാർത്ഥ്യമാണ്. കേരളത്തിലെ പുതിയ ട്രെൻഡ് വച്ചുനോക്കുമ്പോൾ മാന്യൂഫാക്ചറിംഗ് ഇൻഡസ്ട്രിക്ക് പണം മുടക്കുന്നതിനെക്കാൾ സർവ്വീസ് സെക്ടറിൽ ഉദാഹരണത്തിന്, ആശുപത്രികൾ, ടൂറിസം മേഖല മുതലായവയിലെ ഇൻവെസ്റ്റ്മെന്റിന് വ്യതിയാനം വന്നിട്ടുണ്ട്. അത് വളരെ ശ്രദ്ധേയമാണ്. അതുകൊണ്ടാണ് മാന്യൂഫാക്ചറിംഗ് ഇൻഡസ്ട്രിയുടെ ഗ്രോത്ത് കുറയുകയും ഹോസ്പിറ്റാലിറ്റി, ഹോസ്പിറ്റൽ പോലെയുള്ള മേഖലകളിലെ ഇൻവെസ്റ്റ്മെന്റ് കൂടുകയും ചെയ്തത്. അത് ഇതിന്റെ കൂടെ കൂട്ടി വായിക്കേണ്ടതാണ്.

ശ്രീ. വി. കെ. സി. മമ്മത്കോയ: ഉൽപ്പാദന മേഖലകളിൽ ആളുകൾ മുതൽ മുടക്കാൻ തയ്യാറാകാത്തത്, ഗവൺമെന്റ് പ്രഖ്യാപിക്കുന്നതല്ലാതെ ആ പ്രഖ്യാപനങ്ങൾക്ക് അനുസരിച്ച് അവരെ സഹായിക്കാനുള്ള നിലപാട് എവിടെയും ഉണ്ടാകുന്നില്ല. അതാണ് വസ്തുത. വി. എം.ഡബ്ല്യു. കാർ അസംബ്ലിംഗ് യൂണിറ്റിനുവേണ്ടിയും സ്കൈ ബസ്സിനുവേണ്ടിയും കെ.എസ്.ഐ.ഡി.സി. എത്തെല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പാട് ചെയ്തിട്ടുണ്ടായിരുന്നു ? ഉദ്യോഗസ്ഥർ എത്ര തവണ ഏതെല്ലാം രാജ്യങ്ങളിൽ ഇതിനുവേണ്ടി യാത്ര ചെയ്യുകയുണ്ടായി ? അതിന് ചെലവായ പണം നഷ്ടമായതല്ലാതെ എന്തെങ്കിലും ഗുണം സംസ്ഥാനത്തിന് ഉണ്ടായോ? പബ്ലിസിറ്റി കൊടുത്ത ഈ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഓരോ പ്രോജക്ടിനും പ്രത്യേകമായ നോട്ടീസ് വേണം. അദ്ദേഹം പറഞ്ഞപ്രകാരം പബ്ലിസിറ്റി മാത്രമല്ല ഗവൺമെന്റ് വ്യക്തമായ ചില പ്രോത്സാഹനങ്ങൾ കൊടുക്കുന്നുണ്ട്. ഇൻവെസ്റ്റ്മെന്റ് സബ്സിഡി കൊടുക്കുന്നുണ്ട്. അതിന്റെ ഡീറ്റെയിൽസ് ഇവിടെ ഉണ്ട്. കൂടാതെ എഫ്.സി.ഐ.-യുടെ അഡീഷണൽ സബ്സിഡി ഉണ്ട്. Additional subsidy on renewable source of energy, additional subsidy on installation of pollution control devices, അതിന്റെയെല്ലാം സബ്സിഡി കൊടുക്കുന്നുണ്ട്. പക്ഷേ അങ്ങ് സൂചിപ്പിച്ചതുപോലെ കേരളത്തിൽ വൻകിട വ്യവസായങ്ങൾ വരുന്നതിന് പരിമിതിയുണ്ട്. ആ യാഥാർത്ഥ്യം മനസ്സിലാക്കാതിരുന്നിട്ട് കാര്യമില്ല. അത് ഡീറ്റെയിൽഡായി ഞാൻ പറയുന്നില്ല. ഒന്ന്, ജ്യോഗ്രഫിക്കലായി സംസ്ഥാനത്തിന്റെ കിടപ്പ് തെക്കേ അറ്റത്താണ്. രണ്ടാമത്, ഇവിടത്തെ കോസ്റ്റ് ഓഫ് പ്രൊഡക്ഷൻ കൂടുതലാണ്. ട്രാൻസ്പോർട്ടിംഗ് കോസ്റ്റ് കൂടുതലാണ്. വൻകിട വ്യവസായങ്ങൾ വരുന്നതിന്റെ വളരെ പ്രധാനമായ ഘടകമാണ് ഭൂമിയുടെ ലഭ്യത. ഇത്തരം ചില നെഗറ്റീവ് ഫാക്ടേഴ്സ് ഉള്ളതുകൊണ്ടാണ് വൻകിട വ്യവസായങ്ങൾ വരാത്തത്. അതേസമയം സോഫ്റ്റ്വെയർ രംഗത്തൊക്കെ വരുന്നുണ്ട്. അത് ഗതിമാറ്റിയെടുക്കാൻ പറ്റുന്ന കാര്യമല്ല. എങ്കിലും ഒപ്പിട്ട കരാർ അനുസരിച്ചുള്ള വ്യവസായങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ഡീറ്റെയിൽസ് അങ്ങ് ചോദിച്ചാൽ പ്രത്യേകമായി പറയാം.

ശ്രീ. സാജുപോൾ: സർ, ബഹുമാന്യനായ വി. കെ. സി. മമ്മത് കോയ ചൂണ്ടിക്കാണിച്ചതുപോലെ നിരവധി പദ്ധതികൾ വരുന്നു എന്നുള്ള കാഴ്ചപ്പാടോടുകൂടി ഗവൺമെന്റ് നിൽക്കുമ്പോൾ യാഥാർത്ഥ്യം ഇതുമായി പൊരുത്തപ്പെടുന്നില്ല എന്നുള്ളതാണ് വസ്തുത. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 300 ഹെക്ടർ സ്ഥലം പെട്രോനെറ്റ് ആരംഭിക്കാൻവേണ്ടി എൽ.എൻ.ജി. ടെർമിനലിനുവേണ്ടി വൈപ്പിനിൽ കൊടുത്തതാണ്. ഇപ്പോഴും പദ്ധതി അവിടെ യാഥാർത്ഥ്യമായിട്ടില്ല. ഗുജറാത്തിൽ ഇതിനകം തന്നെ ഈ സംവിധാനം നിലവിൽ വന്നു എന്നാണ് അറിയുന്നത്. ഇത്തരം പദ്ധതികൾ കേന്ദ്ര സഹായത്തോടെ എം. പി.-മാരടക്കം യോജിച്ചുകൊണ്ട് സമയബന്ധിതമായി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; അതിൽ പെട്രോനെറ്റിന്റെ എൽ.എൻ.ജി. ടെർമിനലിന്റെ കാര്യത്തിൽ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട സാജുപോൾ ചൂണ്ടിക്കാണിച്ചതുപോലെ എൽ.എൻ.ജി. ടെർമിനൽ യാഥാർത്ഥ്യമാവുകയാണെങ്കിൽ നമ്മുടെ വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ വലിയ വികസനത്തിന് അത് വഴിയൊരുക്കുമെന്നുള്ളത് ശരിയാണ്. ഇപ്പോഴത്തെ അതിന്റെ സ്റ്റേജ് എന്നുപറയുന്നത്, ലാൻഡ് അക്വിസിഷൻ സംബന്ധിച്ച കാര്യങ്ങൾ പുരോഗമിച്ചുവരികയാണ്. അത് വേഗത്തിൽത്തന്നെ നടപ്പാക്കാനാവശ്യമായ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സാജുപോൾ: നാലേമുക്കാൽ വർഷം കൊണ്ട് ആകെ സമാഹരിച്ച നിക്ഷേപത്തോട് അടുത്ത തുക പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് മലേഷ്യൻ ധനസഹായത്തോടുകൂടി അവിടെ നിക്ഷേപിക്കുന്നതിനുവേണ്ടി ഒരു പ്രൊമോട്ടർ തയ്യാറായി വന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് മാസം പിന്നിട്ടപ്പോൾ അടച്ചുപൂട്ടിയ 1400 തൊഴിലാളികളുണ്ടായിരുന്ന ആ കമ്പനിയുടെ പുനരുദ്ധാരണം ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാവരും അനുകൂലിച്ചതാണ്. അത് ഇപ്പോഴും യാഥാർത്ഥ്യമായിട്ടില്ല. പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിന്റെ പുനരുദ്ധാരണം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ക്രിയാത്മകമായ നടപടി സ്വീകരിക്കാൻ ഈ ചുരുങ്ങിയ സമയം കൊണ്ടെങ്കിലും ഗവൺമെന്റ് ശ്രമിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട സാജുപോൾ അവിടത്തെ യൂണിയന്റെ കാര്യങ്ങൾ നടത്തുന്ന ആളെന്ന നിലയിൽ അദ്ദേഹത്തിനറിയാം, പെരുമ്പാവൂർ റയോൺസിന്റെ റിവൈവൽ പാക്കേജ് നടപ്പാക്കിയതിന്റെ കാരണമെന്നു പറയുന്നത്, ദാമോദരൻ എന്നുപറയുന്ന ഒരു പ്രൊമോട്ടർ മുന്നോട്ടുവന്നിരുന്നു; അവരുമായി എം.ഒ.യു. ഒപ്പിട്ടു. കെ.എസ്.ഐ.ഡി.സി.-ൽ പ്രശ്നമില്ല. ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളുമായി ഒരുപാട് കേസുകളുണ്ട്. അതൊക്കെ സെറ്റിൽ ചെയ്യാതെ ഇതുമായി മുന്നോട്ടുപോകാൻ പറ്റുകയില്ല. അതുകൊണ്ട് ആ കേസ്സുകൾക്ക് വളരെ വേഗത്തിൽ തീർപ്പുകൽപ്പിക്കാനാണ് ഗവൺമെന്റ് ഇപ്പോൾ ശ്രമിക്കുന്നത്. കേസ്സുകൾ സെറ്റിൽ ചെയ്ത് പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസിനെ പുനരുദ്ധരിക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്.

ശ്രീ. പി. ജയരാജൻ: ഈ ഗവൺമെന്റ് കൊട്ടിഘോഷിച്ച ആഗോള നിക്ഷേപത്തിന്റെ ചുക്കാൻപിടിച്ചത് കെ.എസ്.ഐ.ഡി.സി. ആയിരുന്നു. ഈ സമ്മേളനം നടത്തിയത് ജനുവരി 18, 19 തീയതികളിലാണ്. മൂന്നു വർഷം കൊണ്ട് അതിനെ അടിസ്ഥാനപ്പെടുത്തി പുതിയ നിക്ഷേപങ്ങൾ വന്നിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. മാത്രമല്ല ജിമ്മിനുശേഷം നിക്ഷേപം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ബോർഡ് രൂപീകരിച്ചിരുന്നു. നിക്ഷേപ പ്രോൽസാഹനത്തിനുവേണ്ടിയുള്ള ബോർഡ് യഥാർത്ഥത്തിൽ ഫലപ്രദമായി യാതൊന്നും ചെയ്യുന്നില്ല. അതിന്റെ ഫലമായിട്ടാണ് ഈ നിക്ഷേപകർ വരാത്തത്. നിക്ഷേപകർ വരാത്തതിന് തൊഴിലാളികൾ ഉത്തരവാദികളാണെന്ന് പറഞ്ഞിട്ട് ചുമട്ടുതൊഴിലാളികളെ ശത്രുക്കളാക്കാൻ ഒരു നിയമം കൊണ്ടുവന്ന് നിയമസഭയിൽ പാസ്സാക്കുകയുണ്ടായി. യഥാർത്ഥത്തിൽ ആത്മാർത്ഥമായിട്ടൊന്നും ചെയ്യുന്നില്ല. അതുകൊണ്ട് ഇൻവെസ്റ്റ്മെന്റ് ബോർഡ് യാതൊന്നും ചെയ്യാത്ത സാഹചര്യത്തിൽ ആ ബോർഡ് പിരിച്ചുവിടാൻ ഗവൺമെന്റ് തീരുമാനിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ജിമ്മിന്റെ റിസൾട്ടിനെക്കുറിച്ച് ഇത്രയും ചെറുതാക്കി പറയുന്നതിൽ അർത്ഥമില്ല. ജിം വലിയ തോതിലുള്ള റിസൾട്ട് ഉണ്ടാക്കിയിട്ടുണ്ട്. വിശദമായിട്ട് പറയാൻ സമയം ഇല്ലാത്തതുകൊണ്ട് പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സിന്റെ കാര്യത്തിൽ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ എന്നുപറയുന്നത് ഓരോന്നിന്റെയും പേര് ഇവിടെയുണ്ട്. ഈ കരാറുകൾ പ്രകാരം

ഏതാണ്ട് 4,515 കോടി രൂപയുടെ ധാരണാപത്രം ഒപ്പു വയ്ക്കുകയും അതിൽ പലതും പ്രോഗ്രസ്സ് ചെയ്തുകൊണ്ടിരിക്കുകയുമാണ്. ഓരോ പ്രൈവറ്റ് പ്രൊമോട്ടേഴ്സുമായി കരാർ വരികയും അത് പലതും ഓരോ സ്റ്റേജിൽ നിൽക്കുകയുമാണ്. സ്റ്റേജുകൾ വേണമെങ്കിൽ വിശദീകരിച്ച് പറയാം. പിന്നെ ജിമ്മിൽ വന്നത് ഇൻഡസ്ട്രി സംബന്ധിച്ച് മാത്രമല്ല ടൂറിസം പദ്ധതിയുമായി വന്നിട്ടുള്ള എഗ്രിമെന്റുണ്ട്. അത് പലതും എസ്റ്റാബ്ലിഷ് ചെയ്തുകഴിഞ്ഞു. അതുപോലെ ലോക്കൽ സെൽഫ് ഗവൺമെന്റും സ്ഥാപനങ്ങളുമായിട്ടുള്ള എം. ഒ. യു. ഉണ്ട്. ഓരോന്നിന്റേയും സ്റ്റേജ് വ്യക്തമായി ഫയലിൽ ഉണ്ട്. ഹെൽത്ത് സെക്ടറിൽ ജിമ്മിന്റെ വിലയായി ചില ധാരണാ പത്രങ്ങൾ വന്നു. അതും പുരോഗമിച്ചു വരികയാണ്. പോർട്ടിന്റെ കാര്യത്തിൽ ഉണ്ടാക്കിയിട്ടുള്ള ജിമ്മിലെ എഗ്രിമെന്റ് പ്രകാരമുള്ള കാര്യങ്ങളും വളരെ വലിയതോതിൽ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിന്റെ കാര്യത്തിൽ പോർട്ടുകൾക്കുള്ള പ്രാമുഖ്യം കണക്കിലെടുത്ത് തീവ്രമായിട്ടാണ് ഗവൺമെന്റ് പരിശോധിച്ചു കൊണ്ടിരിക്കുന്നത്. ട്രാൻസ്പോർട്ട്, എഡ്യൂക്കേഷൻ തുടങ്ങിയ സെക്ടറിലും അന്ന് ഉണ്ടാക്കിയിട്ടുള്ള ധാരണാ പത്രത്തിനനുസരിച്ച് വളരെയേറെ കാര്യങ്ങൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നുണ്ട്. മൂലധന നിക്ഷേപത്തിന്റെ കാര്യത്തിനുവേണ്ടിയിട്ടുള്ള ഔദ്യോഗിക സംവിധാനം പിരിച്ചുവിടേണ്ട കാര്യമില്ല. ജിമ്മിൽ വന്നിട്ടുള്ള കാര്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരാനുള്ള ഔദ്യോഗിക സംവിധാനമാണ്. കെ.എസ്.ഐ.ഡി.സി. തന്നെ ഇതിന്റെ സെക്രട്ടറിയായിട്ടുള്ള സംവിധാനമാണ് വന്നിട്ടുള്ളത്. ഇന്ന് വന്നിട്ടുള്ള എം. ഒ. യു. പൂർത്തിയാക്കണമെങ്കിൽ അതിന് നേതൃത്വം കൊടുക്കാനുള്ള ബോഡി ഉണ്ടാകണം. അതുകൊണ്ട് അത് പിരിച്ചുവിടുകയെന്നു പറയുന്നത് ശാസ്ത്രീയമായി ശരിയായ സമീപനമല്ല. അതിന്റെ ലീഡർഷിപ്പിൽ ഇട്ടിട്ടുള്ള കരാറുകൾ പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

ശ്രീ. പി. ജയരാജൻ: കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ കേരളത്തിൽ നാല് വളർച്ചാ കേന്ദ്രങ്ങളുണ്ട്. അതിൽ ഒന്ന് കണ്ണൂർ ജില്ലയിൽ കൂത്തുപറമ്പാണ്. എൽ.ഡി.എഫ്.-ന്റെ കാലത്ത്, യഥാർത്ഥത്തിൽ എൽ.ഡി.എഫ്. ആണ് വ്യവസായ വളർച്ചാ കേന്ദ്രം ആരംഭിച്ചത്. ആയിരം ഏക്കറിലായിരുന്നു ആരംഭിക്കേണ്ടിയിരുന്നത്. യു.ഡി.എഫ്.-ലെ തർക്കം 250 ഏക്കറിലാണ്. ബാക്കി ആലപ്പുഴയിലേക്ക് പോയി. ഇവിടെ 250 ഏക്കറിൽ എൽ.ഡി.എഫ്.-ന്റെ കാലത്താണ് റബ്കോ എന്നുള്ള വ്യവസായ സംരംഭം ആരംഭിച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ നിക്ഷേപ പ്രോൽസാഹനത്തിന് പ്രായോഗികമായിട്ടുള്ള യാതൊന്നും ചെയ്തിട്ടില്ല. കൂത്തുപറമ്പ് വലിയവെളിച്ചത്തുള്ള വ്യവസായ കേന്ദ്രത്തിലേക്കുള്ള റോഡ് വികസിപ്പിക്കുന്നതിനുള്ള ഫണ്ട് ഈ ഗവൺമെന്റ് അനുവദിച്ചില്ല. അതുപോലെ തന്നെ അവിടേക്കുള്ള വെള്ളവും പശ്ചാത്തല സൗകര്യങ്ങളും ഒരുക്കി കൊടുക്കണമല്ലോ? സ്വകാര്യ വ്യവസായ സംരംഭകർ വരണമെങ്കിൽ വെള്ളത്തിനും അതുപോലെ റോഡിനും ആവശ്യമായിട്ടുള്ള ഫണ്ട് വകയിരുത്തണം. വളർച്ചാ കേന്ദ്രത്തെ വിപുലീകരിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ ഈ ഗവൺമെന്റ് കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ശ്രീ. പി. ജയരാജൻ പറഞ്ഞതിൽ ചില ശരിയുണ്ട്. കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നിവിടങ്ങളിൽ ഗ്രോത്ത് സെന്ററുകൾ പ്രവർത്തിക്കുന്നത് ഗവൺമെന്റ് വിഭാവനം ചെയ്യുന്ന തരത്തിൽ ഉയർന്നു വന്നിട്ടില്ല എന്നുള്ളത് സത്യമാണ്. അത് വേണ്ടത്ര വികസിച്ചിട്ടില്ല. അക്കാര്യം ഗവൺമെന്റിന് വ്യക്തമായി തിരിച്ചറിവുണ്ട്. അതുകൊണ്ട് ഈ ഗ്രോത്ത് സെന്ററുകൾ എങ്ങനെ ഫലപ്രദമായി ഉപയോഗിക്കാം എന്നുള്ളതിനെക്കുറിച്ച് കേന്ദ്രഗവൺമെന്റടക്കം ചർച്ച ചെയ്തു വരികയാണ്. കണ്ണൂർ ജില്ലയിൽ പാടൃത്തിനടുത്തുള്ള വലിയവെളിച്ചം എന്ന സ്ഥലത്ത് റോഡിന്റെ പ്രശ്നമുണ്ട്. അത് സാംഗ്ഷൻ ചെയ്യാനുള്ള നടപടി സ്വീകരിച്ചു.

ശ്രീ. സി. പി. മുഹമ്മദ്: ലോക പ്രശസ്ത കമ്പനിയായ വി.എം. ഡബ്ലു. (വെവേറിയൻ മോട്ടോർ വർക്സ്) താൽപ്പര്യമെടുത്ത് കേരളത്തിൽ കാർ വ്യവസായം തുടങ്ങാൻ കൊച്ചിയിൽ വരികയും അവിടെ വന്നപ്പോൾ ഹർത്താലും പണിമുടക്കും കണ്ട് ഭയപ്പെട്ട് തിരിച്ചു പോകുകയും ചെയ്തു. തമിഴ്നാട്ടിൽ യൂണിറ്റ് ആരംഭിക്കാൻ വേണ്ടി പരിശ്രമിച്ചതായി വാർത്തകളിൽ ഇടം പിടിച്ചിരുന്നു. എന്ത് കാരണത്താലാണ് അവർ തിരിച്ചുപോയത്? അവർ വന്നിട്ട് ചർച്ച നടത്തിയോ? വി.എം.ഡബ്ലു.-ന്റെ ഒരു പ്രോജക്ട് കൊണ്ടുവരാനുള്ള പ്രവർത്തനം കെ.എസ്.ഐ.ഡി.സി. ലഭ്യമാക്കിയോ എന്ന് വ്യക്തമാക്കാമോ? നോട്ടീസ് നൽകേണ്ട ചോദ്യമാണെങ്കിൽ പിന്നീട് മറുപടി നൽകുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഇംപ്ലിമെന്റ് ചെയ്യാത്തതെന്തു കൊണ്ടെന്നുള്ള കാര്യത്തെ സംബന്ധിച്ച് വിശദമായി പരിശോധിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് അത് ലഭ്യമാക്കുന്നതാണ്.

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: കാസർകോട് പെട്രോ കെമിക്കൽസിനെ സംബന്ധിച്ച് മന്ത്രി ഇവിടെ മറുപടി പറഞ്ഞു. അത് യു.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലേമുക്കാൽ കൊല്ലമായി സ്ഥിരമായി കേൾക്കുന്നതാണ്. വീണ്ടും പത്രങ്ങളിൽ വന്ന വാർത്ത, അത് നേരത്തെ ചീമേനിയിൽ ആരംഭിക്കും എന്നാണ് പറഞ്ഞിരുന്നത്. പക്ഷെ മഞ്ചേശ്വരത്തേക്ക് മാറ്റി എന്നാണ് കേൾക്കുന്നത്. അതു സംബന്ധിച്ച് കൃത്യരായിട്ടുള്ള വിവരങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ഞാൻ ഇത് (സി) ഉപപിരിവിന് മറുപടിയായി പറഞ്ഞതാണ്. ആ പദ്ധതി വിഭാവനം ചെയ്തതാണ്; നടപ്പിലായിട്ടില്ല. വിദേശ ഫണ്ടിംഗോടുകൂടി ചെയ്യാമെന്നാണ് ആരംഭത്തിൽ വിചാരിച്ചിരുന്നത്. അത് പ്രായോഗികമല്ലെന്നുള്ള കാരണംകൊണ്ടാണ് നടപ്പിലാക്കുവാൻ കഴിയാതെ വന്നിട്ടുള്ളത്. അതുകൊണ്ട്, alternative arrangement എന്നുള്ള നിലയിൽ ഇവിടെ ചോദ്യത്തിന് മറുപടി പറഞ്ഞു. കെ.എസ്.ഐ.ഡി.സി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കാസർകോട്ട് സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച പെട്രോ കെമിക്കൽ കോംപ്ലക്സ് കൊച്ചിയിൽ സ്ഥാപിക്കാൻ തീരുമാനിക്കുകയും ചെയ്തു. കാസർകോടിന്റെ പ്രശ്നത്തിൽ ആക്സിലറി എന്ന നിലയിൽ കാസർകോട് ജില്ലയിൽ ലഭ്യമായ സ്ഥലത്ത് പെട്രോ കെമിക്കൽസ് അനുബന്ധ വ്യവസായം എന്ന നിലയിൽ

കൊണ്ടുവരാനുള്ള ആൾട്ടർനേറ്റീവ് പ്രൊപ്പോസലാണുള്ളത്. നമ്മൾ നേരത്തെ വിചാരിച്ചതുപോലെ എക്സ്റ്റേണൽ ഫണ്ടിങ്ങൊന്നും കിട്ടിയില്ല. അതുകൊണ്ട് കൊച്ചിയിലേക്ക് മാറ്റാൻ തീരുമാനിച്ചു. കാസർകോട് മറ്റ് വ്യവസായങ്ങൾ അനുബന്ധ വ്യവസായം എന്നുള്ള നിലയിൽ കൊണ്ടുവരണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. ഇസ്ഹാക് കുരിക്കൾ: പറയുന്നത് പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് പറയുകയും ചെയ്യുന്ന സർക്കാർ എന്നുള്ള നിലയിൽ കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ വിദേശ വ്യവസായങ്ങളെ ആകർഷിച്ച ചരിത്രം ഇതിനുമുൻപ് ഉണ്ടായിട്ടില്ല. എനിക്കു പറയാനുള്ളത് മലപ്പുറം ജില്ലയിൽ ഒരു വൻകിട വ്യവസായമോ അല്ലെങ്കിൽ വിദേശികളുടെ സഹായത്തോടുകൂടിയുള്ള വ്യവസായമോ ഗ്രോത്ത് സെന്ററുകളോ ഉണ്ടെങ്കിൽ അത് ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. വൻകിട വ്യവസായങ്ങളെല്ലാം ഷൊർണ്ണൂർ പാലത്തിന് ഇക്കരെയാണ്. ഞങ്ങളുടെ ജില്ലയിൽ ഒരു വൻകിട വ്യവസായവും ഇല്ല. മാവൂർ ഗ്വാളിയർ റയോൺസ് അങ്ങേക്ക് തന്നെ അറിയാവുന്നതാണ്. നമ്മുടെ ജില്ലയിൽ പാവപ്പെട്ടവർക്ക് തൊഴിൽ നൽകുവാൻ വൻകിട വ്യവസായങ്ങൾ തുടങ്ങുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതു പോലെ ഈ സംസ്ഥാനത്തെ ഇൻവെസ്റ്റുമെന്റ് ഫ്രണ്ട്ലി ആക്കാൻ കഴിഞ്ഞത് ഈ സംസ്ഥാനത്തെ ഏറ്റവും വലിയ നേട്ടമാണ്. കേരളത്തിലേക്ക് ആരും വരില്ലെന്നുള്ള ഒരു ചിന്തയുണ്ടായിരുന്നു. ഇതിന് കുറേ ചീത്ത കഥകൾ പറഞ്ഞിരുന്നു. അതൊക്കെ പോയി. ഇവിടെ ലേബർ മിലിറ്റൻസി ഉണ്ടെന്നൊക്കെ പറഞ്ഞിരുന്നു. അതെല്ലെങ്കിലും ലേബറിനെ കുറ്റം പറയേണ്ട കാര്യമില്ല. ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി ആക്കി മാറ്റിയിട്ടുണ്ട്. പിന്നെ വൻകിട വ്യവസായങ്ങൾ വരേണ്ടത് ആവശ്യമാണ്. അതുകൊണ്ട് വൻകിട വ്യവസായങ്ങൾ വരുന്ന സമയത്ത് മലബാർ ജില്ലകൾകൂടി പരിഗണിക്കുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വ്യാവസായികമായി മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ പിറകിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ മുതൽമുടക്ക് വ്യാവസായിക രംഗത്ത് ജനസംഖ്യാനുപാതികമായി കേരളത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ കണക്ക് പ്രകാരം 370 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ട് 5370 പേർക്കാണ് പണി കിട്ടിയത്. അൻപതിനായിരം രൂപ മുതൽമുടക്ക് 5 കൊല്ലംകൊണ്ട് ഉണ്ടാക്കുമെന്ന് പ്രഖ്യാപിച്ചതാണ്. ഇത് വ്യക്തമാക്കുന്നത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായത്ര മൂലധന നിക്ഷേപം കേരളത്തിൽ വ്യാവസായിക രംഗത്ത് ഉണ്ടായിട്ടില്ല എന്നല്ലേ? കാസർഗോഡ് പെട്രോ കെമിക്കൽസിന്റെ കാര്യത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി മന്ത്രിസഭയുടെ കാലത്ത് ശ്രീകൃഷ്ണ പെട്രോ കെമിക്കൽസ് എന്നുപറയുന്ന ഒരു കമ്പനിയുമായി ചർച്ച ചെയ്ത് നടപടികൾ കുറേ ഘട്ടം വരെ വന്നതായിരുന്നു. അതിന് പിന്നീട് എന്തു സംഭവിച്ചു എന്ന് മന്ത്രിക്ക് അറിയാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ സെൻട്രൽ ഗവൺമെന്റിന്റെ ഇൻവെസ്റ്റ്മെന്റ് കുറയുന്നു എന്നുള്ളത് സത്യമാണ്. ഓരോ കാലത്തേയും കണക്ക് എടുത്തുനോക്കിയാൽ അറിയാം 1970 മുതൽ 2003 വരെയുള്ള കണക്ക് നോക്കിയാൽ. നാഷണൽ ആവറേജും നമ്മുടെ ആവറേജും തമ്മിൽ നോക്കിയാൽ വളരെ ഭേദകരമായ പ്രൊപ്പോഷനാണ് ഉള്ളത്. 2003-ലെ സെൻട്രൽ ഗവൺമെന്റ് ഇൻവെസ്റ്റ്മെന്റ് 2.77 മാത്രമാണ്. അത് വളരെ കുറവാണ്. നമ്മുടെ സംസ്ഥാനത്തെ സെൻട്രൽ ഗവൺമെന്റ് ഇൻവെസ്റ്റ്മെന്റ് കുറവാണ്. പക്ഷേ അങ്ങ് സൂചിപ്പിച്ച കണക്ക് ശരിയല്ല. 370 കോടി എന്നു പറഞ്ഞത് number of projects by KSIDC ആണ്. അവരുടേതാണ് 81 പ്രോജക്ട്. 370 കോടി നിക്ഷേപം ആണ്. അതിനു പുറമെ മറ്റൊരു കാര്യംകൂടിയുണ്ട്. കിൻഫ്രയിൽ 171 കോടിയാണ്. അതുപോലെ പ്രൈവറ്റ് ഇൻവെസ്റ്റ്മെന്റ് കിൻഫ്ര പാർക്കിൽ 185 കോടി രൂപയാണ്. സെൻട്രൽ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. എത്ര മോശമാണെങ്കിൽത്തന്നെയും 4658 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റ് ഉണ്ട്. ബാങ്കുകൾ, കെ.എഫ്.സി., എസ്.ഐ.ഡി.ബി.ഐ. മുതലായവരുടെ വക 2398 കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റുണ്ട്. ചെറുകിട വ്യവസായങ്ങൾക്ക് 889 കോടിയുണ്ട്. അത്ര മോശമായ ചിത്രമല്ല. നമ്മൾ പ്രതീക്ഷിച്ചത്ര ഉയർച്ച ഉണ്ടായില്ല എന്നുള്ളത് ശരിയാണ് കാസർഗോഡിനെപ്പറ്റി ഞാൻ ആദ്യത്തെ ചോദ്യത്തിന് മറുപടി പറഞ്ഞു. എക്സ്റ്റേണൽ ഫണ്ടിംഗ് കിട്ടുമെന്നുള്ള നിലയിലാണ് അത് വിഭാവനം ചെയ്തിരുന്നത്. പക്ഷേ കിട്ടിയില്ല. അതുകൊണ്ട് പ്രായോഗികമല്ലെന്നുള്ള ഉപദേശത്തിന്റെ അടിസ്ഥാനത്തിലാണ് കൊച്ചിയിലേക്ക് മാറ്റിയത്. കാസർഗോട്ട് അതിനോട് അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കാനുള്ള തീരുമാനമാണ് ഇപ്പോഴുള്ളത്.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, അങ്ങിവിടെ ഉത്തരം നൽകിയപ്പോൾ സൂചിപ്പിച്ചു, മാനുഫാക്ചറിംഗ് ഇൻവെസ്റ്റ്മെന്റ് കുറഞ്ഞുവരികയും സർവ്വീസ് രംഗത്തെ ഇൻവെസ്റ്റ്മെന്റിനാണ് കൂടുതൽ താൽപ്പര്യം കാണിക്കുകയും ചെയ്യുന്നത് എന്ന്. അത് കൂടുതലായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി നമ്മുടെ ചെറുകിട വ്യവസായങ്ങൾ പ്രോൽസാഹിപ്പിച്ചാൽ നമുക്ക് വ്യവസായ രംഗത്ത് കൂടുതൽ വളർച്ചയുണ്ടാകും എന്നുള്ളതുകൊണ്ട് കിൻഫ്രയ്ക്ക് ഇപ്പോൾ എല്ലാ ജില്ലയിലും വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അതുപോലെതന്നെ Care Kerala Project അനുസരിച്ച് ലഭ്യമാകുന്ന കേന്ദ്ര സഹായം സ്വീകരിച്ച് ഇത് വിപുലീകരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് വളരെ ശരിയാണ്. വികസിപ്പിച്ചെടുക്കാൻ പറ്റുന്ന ഏറ്റവും നല്ല മേഖലയാണ് ചെറുകിട വ്യവസായ മേഖല. അദ്ദേഹം കിൻഫ്രയുടെ കാര്യം പറഞ്ഞു. കിൻഫ്രയുടെ കാര്യത്തിൽ സ്റ്റേറ്റിന് അഭിമാനിക്കാൻ കഴിയുന്ന പശ്ചാത്തലമുണ്ടെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒന്നാമതായി നമ്മുടെ നാട്ടിൽ ഏറ്റവും നല്ല സാധ്യതയുള്ള രംഗമാണ് വസ്ത്ര നിർമ്മാണ മേഖല. വസ്ത്ര നിർമ്മാണ

മേഖലയിൽ വളരെ വലിയ തോതിലുള്ള കാര്യങ്ങളാണ് കിൻഫ്ര ചെയ്തിട്ടുള്ളത്. Kinfra International Apparel Park, Thiruvananthapuram വൻതോതിലുള്ള വികസനത്തിന്റെ ഘട്ടത്തിലാണ്. നല്ല കാര്യങ്ങൾ അവർ ചെയ്തിട്ടുണ്ട്. എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ടെക്സ്റ്റൈൽ മംഗത്ത് Textile Infrastructure Development Centre, Kannur ഈ മംഗത്തും വളരെ നല്ല കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നു. Comprehensive ആയിട്ടുള്ള വസ്ത്ര വ്യവസായ പാർക്കുകൾ ആരംഭിക്കാനുള്ള നടപടികൾ ടെക്സ്റ്റൈൽ മിനിസ്ട്രിയുടെ സഹായത്തോടെ പാലക്കാട്ടും കാസർഗോഡും അന്താരാഷ്ട്ര നിലവാരമുള്ള Integrated Textile Park-കൾ ആരംഭിക്കാൻ കിൻഫ്ര വ്യവസായികളെ ക്ഷണിച്ചിട്ടുണ്ട്. അത് വരികയാണെങ്കിൽ ഈ മംഗത്ത് വലിയ മാറ്റമുണ്ടാകും പിന്നെ ഒരു കാര്യമുള്ളത് കിൻഫ്ര ഏറ്റെടുത്ത മറ്റൊരു കാര്യം ഫുഡ് പ്രോസസ്സിംഗ് ആണ്. കാക്കഞ്ചേരിയിലുള്ള കിൻഫ്രയുടെ സെന്ററിൽ വളരെ വലിയ തോതിലുള്ള കാര്യങ്ങൾ നടക്കുന്നുണ്ട്. ഇതിനകം പതിനെട്ടോളം യൂണിറ്റുകൾ അവിടെ ഉണ്ടായിട്ടുണ്ട്. Agro food business incubation centre, ഈ മംഗത്ത് എന്തെല്ലാം സ്ഥാപനങ്ങൾ കൊണ്ടുവരാൻ കഴിയും, അതിനുള്ള പൈലറ്റ് പ്രോജക്ട് എന്നുള്ള നിലയിൽ ഇത് തീർച്ചയായും നല്ല നിലയിൽ പോകുന്നുണ്ട്. ഗവൺമെന്റ് പ്രയോറിറ്റി കൊടുക്കുന്നത് വൻകിട വ്യവസായങ്ങളിൽ ഇൻവെസ്റ്റ്മെന്റ് കൂട്ടുന്നതിനേക്കാൾ ഇതുപോലുള്ള ചെറുകിട വ്യവസായങ്ങൾക്ക് ഇൻവെസ്റ്റ്മെന്റ് കൂട്ടാൻ വേണ്ടിയാണ്. അതിനാണ് കിൻഫ്ര നേതൃത്വം കൊടുക്കുന്നത്. നല്ല പ്രതിഫലനം ഉണ്ടായിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ് : KSIDC-യുടെ നേതൃത്വത്തിലുള്ള നാല് Industrial Growth Centre-കളിൽ ഒന്ന് ബാലുശ്ശേരിയിലെ കിനാലൂരാണ്. എട്ട്-പത്ത് കോടി രൂപ അവിടെ ചെലവഴിച്ചിട്ട് വർഷങ്ങളായി. ഇതുവരെ ഒരു വ്യവസായവും വന്നില്ല. മാതാ അമൃതാനന്ദമയി ഒരു ഹോളിസ്റ്റിക് ട്രീറ്റ്മെന്റ് സെന്ററിനുവേണ്ടി ശ്രമം നടത്തി. അവർ പിന്നോട്ടുപോയി. ഇപ്പോൾ കുവൈറ്റ് ഏജൻസിയുടെ ഒരു ചർച്ച നടക്കുന്നുണ്ട് എന്ന് പറയുന്നു. വർഷങ്ങളായി കോടിക്കണക്കിന് രൂപ വെറുതെ നഷ്ടപ്പെടുന്ന സാഹചര്യത്തിൽ ഇനിയെങ്കിലും സോഷ്യൽ സെക്ടറിലേക്കെങ്കിലും കൊണ്ടുവന്ന് അത് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : ഇന്നുള്ള ഗ്രോത്ത് സെന്ററുകളെപ്പറ്റി ഗവൺമെന്റ് നടത്തിയ വിശകലനത്തിൽ ഈ ഗ്രോത്ത് സെന്ററുകൾ ഇങ്ങനെ പോയിട്ട് കാര്യമില്ലെന്ന് പറഞ്ഞ് ഡൈവേഴ്സിഫിക്കേഷൻ വേണമെന്നുള്ള നിഗമനത്തിലാണ് എത്തിയിട്ടുള്ളത്. ഈ പറഞ്ഞ നാല് സെന്ററുകളുടെ അനുഭവം വച്ചുകൊണ്ട് ഗ്രോത്ത് സെന്ററുകൾ എങ്ങനെ ഡൈവേഴ്സിഫൈ ചെയ്യാൻ പറ്റുമെന്ന് ഗവൺമെന്റ് ഗൗരവമായി പരിശോധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, അങ്ങിവിടെ സൂചിപ്പിച്ചപ്പോൾ സർവ്വീസ് സെക്ടറിന് കേരളത്തിൽ അഭൂതപൂർവ്വമായ വളർച്ചയുണ്ടായി എന്നും മാനുഫാക്ചറിംഗ് സെക്ടറിൽ തളർച്ചയുണ്ടായി എന്നും സൂചിപ്പിച്ചു. 2003 വരെയുള്ള കേന്ദ്ര നിക്ഷേപവും അങ്ങ് ഇവിടെ പറഞ്ഞു. കഴിഞ്ഞ രണ്ട് വർഷങ്ങളായി

LIBRARY ARCHIVES Kerala Legislative Assembly

കേരളപ്പിറവിക്ക് ശേഷം ചരിത്രത്തിലെ ഏറ്റവും വലിയ കേന്ദ്ര നിക്ഷേപം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടും സഹകാര്യ മേഖലയിൽ വൻതോതിലുള്ള നിക്ഷേപം മാനുഫാക്ചറിംഗ് സെക്ടറിൽ കുറയുന്നതിനുള്ള പ്രധാനപ്പെട്ട കാരണം മറ്റ് സംസ്ഥാനങ്ങൾ തമ്മിൽ ഫെസിലിറ്റീസ് അറേഞ്ച് ചെയ്തു കൊടുക്കുന്നതിൽ കടുത്ത മൽസരം നടക്കുന്നതാണ്. ബംഗാൾ മുതൽ തമിഴ്നാട് വരെയുള്ള സംസ്ഥാനങ്ങൾ സ്ഥലം കൊടുക്കുന്ന കാര്യത്തിലും മറ്റ് ഫെസിലിറ്റീസ് അറേഞ്ച് ചെയ്തുകൊടുക്കുന്ന കാര്യത്തിലുമെല്ലാം തയ്യാറായി നിൽക്കുമ്പോഴും കേരളത്തിൽ ഇത്തരം കാര്യങ്ങളെക്കുറിച്ചുള്ള അനാവശ്യ വിവാദം നടക്കുന്നതും ഗവൺമെന്റിനെ അധൈര്യപ്പെടുത്തുകയും ചെയ്യുന്നതുകൊണ്ടല്ലേ പലപ്പോഴും പല കമ്പനികളും മുതൽ മുടക്ക് നടത്താൻ തയ്യാറായി വന്നിട്ടും നമുക്ക് അത് ചെയ്യാൻ കഴിയാതെ പോകുന്നത് ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : വ്യവസായ വളർച്ചയിൽ ഒരു രാജ്യത്തിന്റെ രാഷ്ട്രീയ കാലാവസ്ഥയും സമന്വയവും വളരെ പ്രധാനപ്പെട്ട കാര്യംതന്നെയാണ്. ഇൻവെസ്റ്റർക്ക് ധൈര്യമുണ്ടാകണം. ഇവിടെ ഇറക്കുന്ന മുതൽ ഭദ്രമാണെന്ന തോന്നലുണ്ടാകണം. അതിനു പറ്റുന്ന വിധത്തിലുള്ള ചർച്ചകൾ ആവശ്യമാണ്. അതിന് ഗവൺമെന്റ് തീർച്ചയായും മുൻകയ്യെടുക്കും. ഇതിന് മുമ്പുതന്നെ ചർച്ചകൾ വിളിച്ചു കൂട്ടിയിരുന്നു. ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി ആക്കാൻ പറ്റുന്ന വിധത്തിൽ ഒരു കാലാവസ്ഥ ഇവിടെ ഉണ്ടാക്കിയേ പറ്റൂ. അല്ലെങ്കിൽ വ്യവസായികൾ വരാൻ മടിക്കുമെന്നുള്ളത് യാഥാർത്ഥ്യമാണ്. അത് പൊതുവായി ഈ സഭയിൽ എല്ലാവരും ചർച്ച ചെയ്യേണ്ട കാര്യമാണ്. കേരളത്തെ കൂടുതൽ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി ആക്കുന്നതിനും ആകർഷണീയമാക്കുന്നതിനും എന്തെല്ലാം കടമ്പകൾ ഇനിയും കടക്കാനുണ്ട്. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും, ബംഗാൾ അടക്കം- ഇൻവെസ്റ്റേഴ്സിനെ കിട്ടാൻ വേണ്ടി അങ്ങോട്ട് പൊയ്ക്കൊണ്ടിരിക്കുകയാണ്. ഇൻവെസ്റ്റ്മെന്റ് കൂട്ടാൻവേണ്ടിയുള്ള വലിയ തോതിലുള്ള പരിശ്രമങ്ങൾ നടക്കുകയാണ്. ആ വിധത്തിലുള്ള ഇനിഷ്യേറ്റീവ് നമുക്ക് എടുക്കേണ്ടതുണ്ട്. അതോടൊപ്പം രാഷ്ട്രീയ സമന്വയം ഇക്കാര്യത്തിൽ ഉണ്ടാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് അത്യാവശ്യ കാര്യമാണ്.

<u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u> : ബഹുമാനപ്പെട്ട മന്ത്രി വ്യവസായ വളർച്ചയുമായി ബന്ധപ്പെട്ട് കിൻഫ്ര ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾ പറയുകയുണ്ടായി. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ തകർന്നുകൊണ്ടിരിക്കുന്ന കൈത്തറിക്ക് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനുവേണ്ടി ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് സെന്റർ നാടുകാണിയിൽ ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ ആറ് മാസം മുമ്പ് ഉദ്ഘാടനം ചെയ്തു. പക്ഷേ കാമ്യമായ ഒരു പ്രവർത്തനവും അതിനുശേഷം മുന്നോട്ടുവന്നിട്ടില്ല. ഞാൻ ചോദിക്കുന്നത് അന്ന് ഉദ്ഘാടനം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ കേരളത്തിലെ മുഖ്യമന്ത്രി തന്നെ ജനങ്ങളോട് വരാൻ പോകുന്ന പ്രധാനപ്പെട്ട ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ പശ്ചാത്തല സൗകര്യം ഉപയോഗപ്പെടുത്തിക്കൊണ്ട്, തറികളുടെ നാടായ കണ്ണൂരിൽ, ഈ മേഖലയിൽ ഒരു ടെക്സ്റ്റൈൽ പാർക്ക്, സെൻട്രൽ ഗവൺമെന്റിന്റെ സ്കീമിനെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനപ്പെടുത്തി നാടുകാണിയിൽ തന്നെയോ അല്ലെങ്കിൽ കണ്ണൂരിൽ എവിടെയെങ്കിലുമോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ട്. അതിനാവശ്യമായ സ്ഥലം കണ്ടെത്താൻ പ്രയാസമില്ല എന്ന് പറയുകയുണ്ടായി. പക്ഷേ അതിന്റെ ആലോചനായോഗം ഇപ്പോൾ നടക്കുന്നത് എറണാകുളത്താണ്. കണ്ണൂരിൽ പശ്ചാത്തല സൗകര്യമൊരുക്കി, തകർന്നുകൊണ്ടിരിക്കുന്ന കൈത്തറിക്ക് വേണ്ടി ഏറ്റവും പ്രധാനപ്പെട്ട ഒരു ടെക്സ്റ്റൈൽ പാർക്ക് കണ്ണൂരിന് അനുവദിക്കും. അത് നാടുകാണിയിലോ കണ്ണൂർ എവിടെയെങ്കിലുമോ സൗകര്യമനുസരിച്ച് ചെയ്യുമെന്ന് ബഹുമാന്യനായ മുഖ്യമന്ത്രിതന്നെ പറഞ്ഞിട്ട് ഇപ്പോൾ അതിന്റെ ആലോചനായോഗം എറണാകുളത്ത് നടക്കുന്നു എന്നുള്ളത് കണ്ണൂരിനെ സംബന്ധിച്ച് ഉത്കണ്ഠ ഉളവാക്കുന്നതാണ്. അത് കണ്ണൂരിൽത്തന്നെ സ്ഥാപിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : കൈത്തറി മേഖലയുമായി ബന്ധപ്പെട്ട് പറയുമ്പോൾ ഇവിടെ സൂചിപ്പിച്ചപോലെ വലിയ ചില പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ദീൻദയാൽ ഹാത്കർഘ പ്രോൽസാഹൻ യോജന എന്ന പദ്ധതിയാണ് അതിലെ ഏറ്റവും പ്രധാനപ്പെട്ടത്. 10,000 നെയ്ത്തുകാർക്ക് പ്രയോജനം കിട്ടുന്ന പദ്ധതിയിൽ 23.33 കോടി ഉറുപ്പികയുടെ പദ്ധതിയാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. അതിൽ മറ്റുചില പദ്ധതികളുമുണ്ട്. Rebate marketing incentive ക്ലിയർ ചെയ്ത് കൊടുത്തു. ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കായി പ്രത്യേക പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. 10,000 നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനവും സേലം മാതൃകയിലുള്ള ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിനുവേണ്ടി തീരുമാനം എടുത്തിട്ടുണ്ട്. അതിന്റെ വെന്യുവിനെക്കുറിച്ചുള്ള തർക്കങ്ങളെ സംബന്ധിച്ച് കൂടുതൽ വിവരം ശേഖരിച്ച് പറയാം. അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി മാറ്റിവച്ചിട്ടുള്ളത് 14.64 കോടി രൂപയാണ്. 3000 നെയ്ത്തുകാരുടെ വികസനത്തെ ലക്ഷ്യമാക്കിക്കൊണ്ടുള്ള പദ്ധതിയായാണ് ഇത് കാണുന്നത്. Craft Textile cluster ആണ് ഇതിലാരംഭിച്ച മറ്റൊരു പദ്ധതി. കൈത്തറി വിൽപ്പനശാലകളുടെ നവീകരണത്തിനാണ് വേറെ കാര്യങ്ങൾ ഇതിൽ ചെയ്തിട്ടുള്ളത്. കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണമാണ് ഏറെ ഇതിൽ വിഭാവനം ചെയ്തിരിക്കുന്നത്. ആർട്ടിഫിഷ്യലായി കളർ കൊടുക്കുന്നതിനുപകരം പ്രകൃതിദത്ത ചായം ഉപയോഗിക്കുന്നതിനുള്ള സംഗതികൾ കൈത്തറി വികസനത്തെ സംബന്ധിച്ച് ചെയ്തിട്ടുണ്ട്. കണ്ണൂരിൽ ഇതിന്റെ സെന്റർ ആരംഭിക്കുന്നതിനുള്ള നിർദ്ദേശത്തിന്റെ നിജസ്ഥിതി നോക്കിയിട്ട് പറയാം.

ശ്രീ. കെ. എൻ. എ. ഖാദർ : സർ, വൻകിട വ്യവസായങ്ങളെ ആകർഷിക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ധാരാളം പറഞ്ഞു. മൂലധനം വളരെ ഭീമുവാണ്. കിളി കൂടുവച്ച് മുട്ടയിടുന്ന മരത്തിന്റെ ചുവട്ടിൽ നിന്ന് മുദ്രാവാക്യം വിളിച്ചാൽ കിളി

LIBRARY ARCHIVES Kerala Legislative Assembly

അവിടെ കൂട് വയ്ക്കില്ല. അതുപോലെയാണ് മൂലധനം. അതുകൊണ്ട് വൻകിട വ്യവസായങ്ങളെ ആകർഷിക്കാനുള്ള ശ്രമങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന സന്ദർഭത്തിൽത്തന്നെ ചെറുകിട വ്യവസായങ്ങളെ പ്രോൽസാഹിപ്പിക്കാനുള്ള നടപടികൾ വളരെ അഭിനന്ദനാർഹമാണ്. ഞാൻ ചോദിക്കുന്നത് ബിസിനസ് ടു ബിസിനസ് മീറ്റ് കൊച്ചിയിൽ നടന്നല്ലോ. അതിന്റെ ആകെ അനന്തരഫലം എന്തായിരുന്നു? അതുകൊണ്ട് ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടായിട്ടുള്ള വളർച്ച എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> സർ, ഇവിടെ ശ്രീ. കെ. എൻ. എ. ഖാദർ സൂചിപ്പിച്ചതുപോലെ കൊച്ചിയിൽ ബി.ടു.ബി. നടത്തിയതിന്റെ ഉദ്ദേശ്യമെന്നുപറയുന്നത് ചെറുകിടവ്യവസായ പാരമ്പര്യവുമായി ചില സങ്കൽപ്പങ്ങളുണ്ട്. ഇതിന്റെ നൂതന സംരംഭങ്ങൾ സമന്വയിപ്പിച്ചുകൊണ്ട് നമ്മുടെ ചെറുകിട വ്യവസായ മേഖലയെ ലോകത്തിന് മുമ്പിൽ അർപ്പണം ചെയ്യുകയായിരുന്നു അതിന്റെ ഉദ്ദേശ്യം. അത് 2004 ഫെബ്രുവരി 19-ന് എറണാകുളത്ത് ആദ്യമായി നടത്തി. രണ്ടാമതും എറണാകുളത്തു വച്ചുതന്നെ നടത്തി. അതുകൊണ്ട് കിട്ടിയ ഗുണമെന്നുപറയുന്നത് ചെറുകിട വ്യവസായ മേഖലയിൽ നമ്മുടെ ഉൽപ്പന്നങ്ങളെന്താണെന്ന് ലോകത്തിലെ കൺസ്യൂമേഴ്സിനെ പരിചയപ്പെടുത്തിക്കൊടുക്കുകയെന്നുള്ളതായിരുന്നു. നല്ല പ്രതികരണമാണ് അതിന് ഉണ്ടായിട്ടുള്ളത്. 10 സെക്ടറുകളിലായി 310 ഉൽപ്പാദകർ പങ്കെടുത്തിരുന്നു. 303 വൻകിട ബയേഴ്സായിട്ടുള്ള ആളുകൾ പങ്കെടുത്തിരുന്നു. അതിൽ 218 ഇന്ത്യാക്കാരുള്ളതിൽ 41 പേർ വിദേശികളായിരുന്നു. 25 പേർ സംസ്ഥാനത്തിനകത്തും 19 പേർ എംബസികളിൽ നിന്നെത്തിയവരുമായിരുന്നു. അതിൽ നമുക്ക് 2859 അന്വേഷകർ വന്നതിൽ 93 സ്ഥാപനങ്ങളുമായി കരാർ ഉറപ്പിച്ചു. 772 എൻക്വയറികളുടെ നടപടികൾ പുരോഗമിച്ചുവരികയാണ്. നമ്മുടെ ചെറുകിട വ്യവസായത്തിലെ ഉൽപ്പന്നങ്ങൾ ലോകസമക്ഷം പരിചയപ്പെടുത്തുന്ന കാര്യത്തിൽ വളരെ വിജയമായിരുന്നു ഈ മീറ്റ്.

<u>ശ്രീ. എ. എ. അസീസ്:</u> സർ, കെ.എസ്.ഐ.ഡി.സി. വഴി ലക്ഷ്യമിട്ടത് വൻകിട വ്യവസായങ്ങളെ ആകർഷിക്കാൻ, നിലവിലുള്ള, സംസ്ഥാനത്തു നടന്നുവരുന്ന വൻകിട വ്യവസായങ്ങളേയും ചെറുകിട വ്യവസായങ്ങളേയും സംരക്ഷിക്കുക തുടങ്ങിയ ജോലികളായിരുന്നു. അതിൽ വൻകിട വ്യവസായങ്ങളെ ആകർഷിക്കുവാൻ കെ.എസ്. ഐ.ഡി.സി.-ക്ക് കഴിഞ്ഞില്ല. അത് സാങ്കേതികകാരണമായിരുന്നു. എന്നാൽ സംസ്ഥാനത്തെ വൻകിട വ്യവസായങ്ങൾ പലതും പൂട്ടപ്പെട്ടു. അങ്ങനെ പൂട്ടപ്പെട്ട പേപ്പർമിൽ ഉൾപ്പെടെയുള്ള വ്യവസായങ്ങൾ നവീകരിക്കാൻ കെ.എസ്.ഐ.ഡി.സി. പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ? കേന്ദ്രഗവൺമെന്റിൽ അതിനാവശ്യമായ സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:</u> സർ, വളരെ ബൃഹത്തായ സംഗതിയാണിത്. Revival package-നെപ്പറ്റി അറിയാം. കേരളത്തിൽ മോശമായി കിടന്ന വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം പരിപോഷിപ്പിക്കാൻ ഒരു സംവിധാനം തന്നെയുണ്ടാക്കി അതുപ്രകാരം വ്യവസായങ്ങളെ list out ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ചെയ്ത വ്യവസായങ്ങളെ revive ചെയ്യാനുള്ള ബൃഹത് പദ്ധതി കെ.എസ്.ഐ.ഡി.സി.-ക്കുണ്ടായിരുന്നു. പക്ഷേ അതെല്ലാം കൈവരിച്ചുവെന്നും നേട്ടമുണ്ടാക്കിയെന്നും പറയാനൊക്കില്ല. Revival package ഓരോന്നായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. രക്ഷപ്പെടുത്താൻ കഴിയുന്നത് രക്ഷപ്പെടുത്തുന്നുണ്ട്. പൊതുമേഖലാവ്യവസായങ്ങളുടെ തകർച്ചയെന്നത് വലിയ കാര്യം തന്നെയാണ്. അതു തന്നെയാണ് ശ്രോത്ത് റേറ്റ് പുറകോട്ടടിപ്പിക്കാൻ കാരണം. ഏതായാലും ശരി നിർദ്ദേശിച്ച revival package യൂണിറ്റ്വൈസായി എടുത്തുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ ചെയ്തുവരുന്നുണ്ട്.

ശ്രീ. ബിനോയ് വിശ്വം: സർ, അങ്ങിവിടെ കെ.എസ്.ഐ.ഡി.സി.-യെപ്പറ്റി പറയുകയുണ്ടായി. കെ.എസ്.ഐ.ഡി.സി. മുൻകയ്യെടുത്ത സംരംഭമായിരുന്നു ജിം എന്ന്. 5 കോടി മുടക്കിയെന്നാണ് കണക്കുകൾ പറയുന്നത്. ഇവിടെ വ്യക്തമാക്കിയതുപറയുകയാണെങ്കിൽ കേന്ദ്ര നിക്ഷേപം കുറെയുണ്ടായിയെന്ന് പറഞ്ഞു. ലോക്കൽ സെൽഫ് ഗവൺമെന്റിന്റെ നിക്ഷേപമുണ്ടായി. അതിനൊക്കെ ജിമ്മിന്റെ ആവശ്യം ഉണ്ടായിരുന്നില്ല. ഈ സഭയ്ക്കു പറയാമോ ജിം മുഖേന നമ്മുടെ നാട്ടിൽ സ്വകാര്യനിക്ഷേപരംഗത്ത് തൊഴിൽ ഉറപ്പുവരുത്താൻ പറ്റിയ എത്ര പദ്ധതികൾ നിർദ്ദേശിക്കപ്പെട്ടു? എം. ഒ. യു., ലെറ്റർ ഓഫ് ഇന്റൻഷൻ എന്നിവയല്ലാതെ എത്രമാത്രം പ്രാവർത്തികമാക്കാൻ പോകുന്നു? എന്തെങ്കിലും കണക്കുകൾ കെ.എസ്.ഐ.ഡി.സി.-ക്ക് ലഭ്യമാണോ: ഉണ്ടെങ്കിൽ എത്രമാത്രമെന്ന് വ്യക്തമാക്കാമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, എല്ലാം ലഭ്യമാണ്. അതിനൊരു കുഴപ്പവുമില്ല. ജിം വഴി വന്ന വ്യവസായങ്ങളുടെ ലിസ്റ്റ് എടുത്ത് വിശദീകരിക്കാനുള്ള സമയത്തിന്റെ കുറവുള്ളതുകൊണ്ട് ഇപ്പോൾ സാധിക്കില്ല. ബഹുമാനപ്പെട്ട അങ്ങ് ഒരു കാര്യം മനസ്സിലാക്കണം Industry-ക്ക് ഒരു gestation പീരിയഡ് ഉണ്ട്. വലിയ വ്യവസായങ്ങൾക്ക് അതിന്റേതായ gestation പീരിയഡ് ഉണ്ട്. വ്യവസായങ്ങളുടെ ഓരോന്നിന്റേയും സ്റ്റേജ് എന്റെ കയ്യിലുണ്ട്. അതിന്റെ സെപ്പറേറ്റ് ലിസ്റ്റ് ബഹുമാനപ്പെട്ട മെമ്പർമാർക്ക് ലഭ്യമാക്കാം. List of mega projects taken up by KSIDC during 2001-2006 including GIM ആണ്. അതിനോരോന്നിന്റേയും കാര്യം ഉണ്ട്. Expansion of Cochin Refineries അതിന്റെ സ്റ്റേജ് ongoing ആണ്. നടക്കാത്ത കാര്യമെന്നു പറയുന്നത് NMDC Mineral processing project, Kayamkulam-not progressed. പിന്നെ ICTTE Vallarpadam ongoing projects ആണ്. LNG Terminal ഉടനെതന്നെ ആരംഭിക്കാൻ പോകുകയാണ്. ഓരോന്നിന്റേയും ലിസ്റ്റുണ്ട്. ടോട്ടൽ ലിസ്റ്റ് ലഭ്യമാക്കാം.

ശ്രീ. കെ. പി. മോഹനൻ: സർ, ശ്രീ. പി. ജയരാജൻ ചോദിച്ച ചോദ്യത്തിന് സമാന്തരമായ ചോദ്യം തന്നെയാണിത്. അതിനോടനുബന്ധമായി കണ്ണൂർ ജില്ലയിലെ കുത്തുപറമ്പ്, പെരിങ്ങളം മണ്ഡലങ്ങളിലെ പ്രദേശങ്ങളായ വലിയവെളിച്ചം വ്യവസായ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രത്തിലേക്കുള്ള ഇൻഫ്രാസ്ട്രക്ച്ചറിനെക്കുറിച്ചാണ്. റോഡിന്റെ കാര്യത്തിൽ പരിഹാരം കാണാമെന്ന് അങ്ങു പറഞ്ഞു. അവിടെ വെള്ളവും വൈദ്യുതിയും ആവശ്യത്തിന് കിട്ടുന്നില്ല. അതുകൊണ്ട് പുതിയ സംരംഭങ്ങൾ വരുന്നില്ല. അതോടൊപ്പം ഇപ്പോഴുള്ളവർ വെള്ളവും വൈദ്യുതിയും കിട്ടാത്തതുമൂലം ഒഴിഞ്ഞുപോകുന്ന സ്ഥിതിയാണുള്ളത്. ആ പ്രദേശത്ത് താമസിക്കുന്നവർക്കും ആ വ്യവസായകേന്ദ്രത്തിലേക്ക് ആവശ്യമായ വെള്ളവും വൈദ്യുതിയും ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ: സർ, വലിയവെളിച്ചം എന്ന സ്ഥലത്ത് growth centre പ്രശ്നമുണ്ട്. ഞാൻ ആദ്യം പറഞ്ഞു റോഡിന്റെ കാര്യത്തിൽ ഇപ്പോൾ നടപടി സ്വീകരിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളും ഗവൺമെന്റ് തീർച്ചയായും പരിഗണിക്കാം.

കുടുംബ സുരക്ഷാ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി

2 [*133] ശ്രീ. സി. മോയിൻകുട്ടി :
,, നാലകത്ത് സൂപ്പി :
,, പി. കെ. കെ. ബാവ :
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടുംബ സുരക്ഷാ പദ്ധതി എന്ന് മുതലാണ് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്; ഇതിൽ അംഗമാകാനുള്ള മാനദണ്ഡം എന്താണ് ;

(ബി) ഇതിന്റെ പ്രയോജനം ആർക്കെല്ലാം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി): സർ, സംസ്ഥാനത്തെ ദരിദ്രകുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള കുടുംബ സുരക്ഷ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും 2006 ജനുവരി 3-ാം തീയതിയിലെ ജി.ഒ. (എം.എസ്.) നമ്പർ 01/2006/ത.സ്വ.ഭവ. നമ്പരായി ഉടൻതന്നെ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. സംസ്ഥാനത്തെ ദരിദ്രകുടുംബങ്ങൾക്കാണ് പദ്ധതിയിൽ അംഗമാകുന്നതിന് അർഹത. ദരിദ്രകുടുംബങ്ങളെ നിർണ്ണയിക്കുന്നതിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട് :

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം—1 (എ)

16-2-2006-ലെ നക്ഷത്രചിഹ്നമിട്ട 1 [132]-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം കാണുക

LIST OF MEGA PROJECTS TAKEN UP BY KSIDC DURING 2001-06

Sl. No.	*Project*	*Location*	*Project Cost (₹ Crore)*	*Status as on February 2006*
(1)	(2)	(3)	(4)	(5)
1	Expansion of Kochi Refineries (SBM and Capacity Expansion)	Kochi	2600	ongoing
2	NMDC Mineral Processing Project	Kayamkulam	1850	not progressed
3	ICTT, Vallarpadam	Kochi	2118	ongoing
4	LNG Terminal	Puthu Vypeen Kochi	1600	will start soon
5	Gas Pipeline Project, GAIL	Kerala	1700	MoU signed will be done along with LNG Project
6	Cochin International Airport Ltd. (Exp.)	Kochi	70	will be done by CIAL
7	Multiplex and Shopping Mall Project of Peevees Group	Kochi	132	will start shortly
8	Lulu Hyper Market	Kochi	80	will start shortly
9	Free Trade & Warehousing Zone	Vallarpadam, Kochi	2000	jointly planned with CPT
10	City Gas Distribution Project	Kochi	550	will start along with LNG Project
11	Sponge Iron Project	Palakkad	60	ongoing

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)	(5)
12	NTPC Expansion	Kayamkulam	6600	will start along with LNG Project
13	Petrochemical Complex	Kochi	6200	will start along with LNG Project
14	Italian Fashion Village	Kochi	450	not progressed
15	Port Based Special Economic Zone	Kochi	7000	ongoing
16	BunkeringTerminal	Kochi	195	bidding done by CPT

LIBRARY ARCHIVES Kerala Legislative Assembly